(സി) എക്സൈസ് വകുപ്പ് 34 കേസുകളിലായി ആകെ 21 പ്രതികളെ പിടിച്ചിട്ടുണ്ട്. പോലീസ് വകുപ്പ് 13 കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

കള്ളുഷാപ്പുകൾ വഴിയുള്ള ചാരായ വില്പന

43 [222] *ശ്രീ. പി. എസ്. സുപാൽ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി കള്ളുഷാപ്പുകൾവഴി ചാരായം വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2003-2004, 2004-2005 വർഷങ്ങളിൽ ഇത്തരത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; ഇതിൽ എത്രപേരെ അറസ്റ്റ് ചെയ്തു; അറസ്റ്റ് ചെയ്തവരിൽ എത്ര ഷാപ്പുടമകൾ ഉൾപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചില ജില്ലകളിലെ ഏതാനും കള്ളുഷാപ്പുകളിൽ ചാരായം വില്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ചുവടെ കൊടുത്തിരിക്കുന്നു.

പോലീസ് രജിസ്റ്റർ ചെയ്ത കേസുകൾ

വർഷം	കേസുകളുടെ എണ്ണം	പ്രതികളുടെ എണ്ണം	ഷാപ്പുടമകളുടെ എണ്ണം
2003-2004	20	38	11
2004-2005	9	14	6
ആകെ	29	52	17

എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകൾ

2003-2004	55	70	11
2004-2005	64	59	5
ആകെ	119	129	16

വിറ്റഴിച്ച മദ്യത്തിന്റെ കണക്ക്

44 [223] *ശ്രീ. കെ. പി. രാജേന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന മദ്യത്തിന്റെ അളവ് വർദ്ധിക്കുന്നുണ്ടോ; സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ വഴി 2001-2002, 2002-2003, 2003-2004, 2004-2005 വർഷങ്ങളിൽ വിറ്റഴിച്ച മദ്യം എത്ര;

LIBRARY ARCHIVES Kerala Legislative Assembly